## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3340 24.02.2016-ൽ മറുപടിക്ക്

### കെ.എസ്.ആർ. റ്റി.സി-യിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ :<br>" എളമരം കരീം :<br>" കെ.വി.അബ്ദുൾ ഖാദർ :<br>" എ. പ്രദീപ്കുമാർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ നയങ്ങൾ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ പ്രതിസന്ധിയിലാക്കിയിട്ടുള്ളതായി അറിയാമോ; കെ. എസ്. ആർ. ടി. സിയുടെ വരവും ചെലവും തമ്മിലുള്ള അന്തരം കൂടി വരുകയാണോ എന്നു പരിശോധിച്ചിട്ടുണ്ടോ; | (എ) | സർക്കാർ നയങ്ങൾ മൂലം കെ.എസ്.ആർ. ടി.സി പ്രതിസന്ധിയിലായിട്ടില്ല. കെ.എസ്. ആർ.ടി.സി.യിലെ വരവും ചെലവും തമ്മിലുള്ള അന്തരം കൂടി വരികയാണ്. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ഉചിതവും സാധ്യവുമായ എല്ലാ സാമ്പത്തിക സഹായങ്ങളും സർക്കാർ നൽകിവരികയാണ്. |
| (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകേണ്ടതായ 1:2 അനുപാതത്തിലുള്ള മൂലധന വിഹിതം യഥാസമയം നൽകുന്നുണ്ടോ; പ്രസ്തുത ഇനത്തിൽ കോർപ്പറേഷന് അർഹമായ തുക എത്രയാണ്; | (ബി) | RTC Act പ്രകാരം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കെ.എസ്.ആർ.ടി.സി.ക്ക് മൂലധന നിക്ഷേപമായി പരസ്പരം അംഗീകരിക്കുന്ന നിശ്ചിത അനുപാതത്തിൽ തുക അനുവദിയ്ക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ എല്ലാ വർഷവും മൂലധന നിക്ഷേപമായി കെ.എസ്.ആർ.ടി.സി.യ്ക്ക് തുക അനുവദിച്ചു വരുന്നുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ 1992-ന് ശേഷം നാളിതുവരേയും സംസ്ഥാന സർക്കാർ മൂലധനമായി നിക്ഷേപിച്ചതിന് ആനുപാതികമായ നിക്ഷേപം നടത്തിയിട്ടില്ല. |
| (സി) | സൗജന്യപാസ് ഉൾപ്പെടെയുള്ള മറ്റ് ഇനങ്ങളിൽ സർക്കാർ നൽകേണ്ടതായ തുക എല്ലാം നൽകിയിട്ടു | (സി) | സാമൂഹ്യപ്രതിബദ്ധതായിനത്തിൽ താഴെപ്പറയുന്ന 2 വിഭാഗക്കാർക്ക് സൗജന്യ പാസ് നൽകുന്നതിനുള്ള ബാധ്യത കോർപ്പറേഷന് |

| | | | |
|---|---|---|---|
| | ണ്ടോ; കുടിശ്ശികയുണ്ടായിട്ടുണ്ടെങ്കിൽ അവ എത്രയാണ് ; | | തിരിച്ചു നൽകാമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്.<br>1. ബുദ്ധിമാന്ദ്യമുള്ള ആളുകൾക്കും അവരോടൊപ്പം യാത്ര ചെയ്യുന്ന ഒരാൾക്കും.<br>2. സെറിബ്രൽ പാൽസി രോഗിക്കും അവരോടൊപ്പം യാത്ര ചെയ്യുന്ന ഒരാൾക്കും.<br>ഈ രണ്ട് വിഭാഗങ്ങൾക്ക് സൗജന്യം നൽകിയതിന് കെ.എസ്.ആർ.ടി.സി.യുടെ കണക്കുകൾ പ്രകാരം 14.84 കോടി രൂപയാണ് നഷ്ടമുണ്ടായിരിക്കുന്നത്.<br>എന്നാൽ സാമൂഹ്യബാധ്യതയിനത്തിൽ കെ.എസ്.ആർ.ടി.സി കണക്കാക്കിയ തുകയ്ക്കും ഉപരിയായി ധനസഹായങ്ങൾ കെ.എസ്.ആർ.ടി.സി.ക്ക് താഴെപ്പറയും പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.<br>1. കെ.എസ്.ആർ.ടി.സി.ക്ക് ഓരോ വർഷവും നോൺ-പ്ലാൻ ഇനത്തിൽ ബജറ്റിൽ സർക്കാർ ധനസഹായം വകയിരുത്താറുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 180 കോടി രൂപ വകയിരുത്തുകയുണ്ടായി.<br>2. 31.03.2008 വരെയുള്ള വെഹിക്കിൾ ടാക്സ് കുടിശ്ശികയായ 622.83 കോടി രൂപ സർക്കാർ എഴുതിത്തള്ളുകയുണ്ടായി.<br>3. 01.04.2008 മുതൽ 31.03.2014 വരെ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച് നൽകിയ വായ്പാതുകയായ 1090.75 കോടി രൂപ കെ.എസ്.ആർ.ടി.സി.യിൽ സർക്കാർ ഓഹരിയാക്കി മാറ്റുവാനും പലിശയും പിഴപലിശയും എഴുതിത്തള്ളുവാനും തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | സ്വകാര്യ ബസ്സുകാർക്ക് ദേശസാൽകൃത റൂട്ടുകളിൽ റൂട്ടുകൾ നിശ്ച | (ഡി) | ബാധിക്കാനിടയുണ്ട്. എന്നാൽ കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള |

| | | | |
|---|---|---|---|
| | യിച്ചു നൽകുന്നത് കെ. എസ്. ആർ. ടി. സിയെ പ്രതികൂലമായി ബാധിക്കുമെന്നറിയാമോ; | | സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രമായി നിജപ്പെടുത്തുകയുണ്ടായി. അതിൻ പ്രകാരം കെ.എസ്.ആർ.ടി.സി ഇതിനകം 185 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | മേൽപ്പറഞ്ഞ വിഷയങ്ങളിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (ഇ) | കെ.എസ്.ആർ.ടി.സി.യെ പുനരുജ്ജീവിപ്പിച്ച് പൊതുമേഖലയിൽ നിലനിർത്തുക എന്നതാണ് സർക്കാർ നിലപാട്. അതിനുവേണ്ടി ഉചിതമായ സാമ്പത്തിക സഹായവും സർക്കാർ കോർപ്പറേഷന് നൽകി വരുന്നു. കൂടാതെ കോർപ്പറേഷന്റെ പുനരുജ്ജീവനത്തിനായി ഒരു പാക്കേജും നടപ്പാക്കിയിട്ടുണ്ട്. സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രമായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | ഡീസലിനും പെട്രോളിനും സർക്കാർ ഏർപ്പെടുത്തിയ സെസും അധിക നികുതിയും കെ. എസ്. ആർ. ടി. സി.യെ പ്രതികൂലമായി ബാധിക്കുന്നതായി അറിയാമോ? | (എഫ്) | പ്രതികൂലമായി ബാധിക്കാറുണ്ട്. വിപണി വിലയ്ക്കാണ് കെ.എസ്.ആർ.ടി.സി.യും ഡീസൽ വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ